**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5372** **12-08-2021 - ൽ മറുപടിയ്ക്ക്**

**വീടുകളിൽ സോളാർ പാനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത്, വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ? | (എ) | 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ ഒന്നാംഘട്ടത്തിൽ വീടുകൾ ഉൾപ്പെടെ ആകെ 25 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 3.382 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗരനിലയങ്ങൾക്കായുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും, പദ്ധതി ഡിസംബർ 21 ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400KW നിലയങ്ങൾ (127) ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി പദ്ധതിയിൽ 2020-21 വർഷത്തേക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുകയും ഇതിൽ നിന്ന് പൈലറ്റ് പ്രോജക്റ്റ് ആയി തിരഞ്ഞെടുത്ത 24 സൈറ്റുകളിൽ (85 KW) പ്രാഥമിക സർവ്വേ നടന്നു വരുകയും ചെയ്യുന്നു. പദ്ധതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു. |

സെക്ഷൻ ഓഫീസർ